പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6572 | 08.11.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാർക്ക് അവധി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വിവിധ ജില്ലകളിൽ പ്രഖ്യാപിക്കുന്ന പ്രാദേശിക അവധികൾ അംഗൻവാടി ജീവനക്കാർക്ക് ബാധകമാണോ എന്ന് വ്യക്തമാക്കുമോ; | (എ)വിവിധ ജില്ലകളിൽ പ്രഖ്യാപിക്കുന്ന പ്രാദേശിക അവധികൾ അംഗൻവാടി ജീവനക്കാർക്ക് ബാധകമല്ല. |
| (ബി) പ്രസ്തുത പ്രാദേശിക അവധികൾ അംഗൻവാടി ജീവനക്കാർക്ക് കൂടി ഭാവിയിൽ ബാധകമാക്കുമോ എന്ന് വിശദീകരിക്കുമോ; | (ബി)ഐ.സി.ഡി.എസ് പദ്ധതിയിൻകീഴിലുള്ള അംഗൻവാടികളുടെ പ്രവർത്തന മാനദണ്ഡം നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ആയത് പ്രകാരം ഒരു അംഗൻവാടിയിൽ പ്രതിവർഷം 300ഫീഡിംഗ് ദിനങ്ങൾ വ്യവസ്ഥചെയ്യുന്നു. കൂടാതെ അംഗൻവാടി ലഭ്യമാക്കുന്ന മറ്റ് സേവനങ്ങൾ കാര്യക്ഷമമായും മുടങ്ങാതെയും നൽകുന്നതിന് എല്ലാ പ്രാദേശിക അവധികളും അംഗൻവാടി ജീവനക്കാർക്ക് കൂടി ബാധകമാക്കുന്നത് ഐ.സി.ഡി.എസ് പദ്ധതിയ്ക്ക് ഗുണകരമല്ല. |
| (സി) സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്ന സൗജന്യ അഞ്ച് കിലോ അരി, അംഗൻവാടി കുട്ടികൾക്കു കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്ന സൗജന്യ അഞ്ച് കിലോ അരി, അംഗൻവാടി കുട്ടികൾക്കു കൂടി നൽകുന്നതിന് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ